**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.992** **30.9.2016 ൽ മറുപടിയ്ക്ക്**

**റബ്ബർ വിലത്തകർച്ച**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ. വി.എസ്.സുനിൽ കുമാർ** (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) ഈസർക്കാർ അധികാരത്തിൽ വരുമ്പോൾ റബ്ബർ വില എത്രയായിരുന്നു; ഇപ്പോഴത്തെ വില എത്രയാണെന്നു പറയാമോ; | (എ) സ്വാഭാവിക റബ്ബർ RSS 4 ഗ്രേഡിന് കിലോയ്ക്ക് 127 രൂപ ആയിരുന്നു. ഇപ്പോൾ അത് 122 രൂപയാണ് |
| (ബി) റബ്ബർ വില ഇടിയാനുണ്ടായ കാരണം എന്തെന്ന് വിശദീകരിക്കാമോ; വിലത്തകർച്ച തടയാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) അന്താരാഷ്ട്ര വിലയുമായി താരതമ്യത്തിലാണ് സ്വാഭാവിക റബ്ബറിന്റെ രാജ്യത്തിലെ വില നിശ്ചയിക്കപ്പെടുന്നത്. ആഗോള സാമ്പത്തിക മാന്ദ്യം സ്വാഭാവിക റബ്ബറിനെ സ്വാധീനിക്കുകയും സ്വാഭാവിക റബ്ബറിന്റെ സ്റ്റോക്ക് കൂടിയതും ലഭ്യത കൂടുതലും വിലയിടിവിനു കാരണമായി. ക്രൂഡ് ഓയിലിന്റെ വില വളരെ കുറഞ്ഞതുകാരണം സിന്തറ്റിക്ക് റബ്ബറിന്റെ വിലയിടിവ് വിലതകർച്ചയ്ക്കു കാരണമായി.<br>വിലസ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബറിന് താങ്ങുവില നിശ്ചയിക്കുകയും പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി പ്രകാരം കിലോയ്ക്ക് 150/- രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകുകയും ഇതിനായി നടപ്പ വർഷം 500 കോടി രൂപ വകയിരുത്തുകയും ഉണ്ടായി. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി തീരുവ ചെറിയതോതിലെങ്കിലും ഉയർത്തുന്നതിനും ചില കാലയളവിൽ ഇറക്കുമതി തടയുന്നതിനും ഇറക്കുമതി രണ്ട് തുറമുഖം വഴി മാത്രമായി നിജപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. റബ്ബർ കൃഷി ഇപ്പോൾ സംസ്ഥാന കൃഷി വകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്ന വിഷയമല്ല. എന്നിരുന്നാലും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം കൃഷിക്കാർക്ക് നൽകേണ്ട തുക കൃഷി വകുപ്പ് ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, റബ്ബർ ബോർഡ് നൽകുന്ന വിവരം അനുസരിച്ച് കൃഷിക്കാർക്ക് ധനകാര്യവകുപ്പ് പ്രൊഡക്ഷൻ ഇൻസെന്റീവ് തുക നൽകുകയുമാണിപ്പോൾ ചെയ്യുന്നത്. റബ്ബറിനെ സംബന്ധിച്ച വിഷയം റബ്ബർ ബോർഡാണ് കൈകാര്യം ചെയ്യുന്നത്. |
| (സി) റബ്ബർ വിലത്തകർച്ചയിൽ നിന്നും കർഷകരെ രക്ഷിക്കാൻ ഏർപ്പെടുത്തിയ സബ്സിഡി വിതരണം ഇപ്പോൾ നടക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ; | (സി) ഉണ്ട്. |

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര രൂപ വരെ സബ്സിഡിയിനത്തിൽ കർഷകർക്ക് വിതരണം ചെയ്തു; സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു വരെ എത്ര രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തു; സംസ്ഥാനത്ത് എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് 379.70 കോടി രൂപയും, അധികാരത്തിൽ വന്നതിനു ശേഷം 203.49 കോടി രൂപയും സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2,98,295 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഇ) വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കാൻ പരമാവധി കർഷകർക്ക് സബ്സിഡി തുക കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(ഇ) കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി സബ്സിഡി കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് കൈമാറിവരുന്നത് . ഇത് രണ്ടാഴ്ചയിലൊരിക്കൽ ഇപ്രകാരം കൈമാറുന്നുണ്ട്.

സെക്ഷൻ ഓഫീസർ